പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4209.

26.06.2013-ലെ മറുപടിയ്ക്ക്

## സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക്.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പാർക്കിനു സമീപം സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ പാർക്കിന്റെ പണി പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നു കൊടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പാർക്കിന്റെ പൂർത്തീകരണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(എ)യും (ബി)യും**<br><br>പ്രസ്തുത പാർക്കിന്റെ നിർമ്മാണത്തിനായി CRZ ക്ലിയറൻസ് ആവശ്യമായതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും CRZ ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാർക്കിന്റെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നു നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പാർക്കിന്റെ നിർമ്മാണത്തിന് 2.5 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. G.O.(Ms)No.380/07/TSM dtd 07.08.2007 പ്രകാരം സർക്കാർ സുനാമി പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ